നൽകാൻ സാധ്യമാണോ എന്നുള്ളത് ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. തീർച്ചയായിട്ടും റേഷൻ സംവിധാനത്തിൽ വന്നിരിക്കുന്ന ഒരു പ്രതിസന്ധിയെന്നുള്ളത് ഞാൻ സമ്മതിക്കുന്നു. ഗവൺമെന്റിന് അത് നേരിട്ട് ബോധ്യമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അറിയാം. പക്ഷേ അങ്ങ് സൂചിപ്പിച്ചതുപോലെ ഭീമമായ ഒരു തുക സബ്സിഡി കൊടുത്ത് കേരളത്തിലെ റേഷൻ വില ഏകീകരിക്കാനുള്ള സാധ്യത ഇപ്പോൾ നമ്മുടെ മുമ്പിൽ കാണുന്നില്ല. യഥാർത്ഥത്തിൽ ഒരു പരിഹാരം കണ്ടെത്തേണ്ടത് കേന്ദ്ര ഗവൺമെന്റ് തന്നെയാണ്. എ.പി.എൽ., ബി.പി.എൽ. വേർതിരിവ് അവസാനിപ്പിച്ച് ഒരു വിഭാഗമാക്കി മാറ്റിയിട്ട് സാർവ്വത്രിക വില ഏർപ്പെടുത്തണമെന്നുള്ള കേരള ഗവൺമെന്റിന്റെ ശക്തമായ ഒരു ആവശ്യം നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതുതന്നെയാണ് പറഞ്ഞത്. ഈ സ യുടെ പൊതുവികാരം അതുതന്നെയാണ്. അതുകൊണ്ട് നമുക്ക് അതിനുവേണ്ടി കൂട്ടായിട്ട് കേന്ദ്ര ഗവൺമെന്റിൽ സംയുക്തമായി ശ്രമം നടത്താം.

(2) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ആവശ്യത്തിന് സ്റ്റാഫില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. സി. പി. മുഹമ്മദ് : സർ, സംസ്ഥാനത്തെ രജിസ്ട്രേഷൻ ആഫീസുകളിൽ ആവശ്യത്തിന് സ്റ്റാഫ് ഇല്ലാത്തതുമൂലം വിലയാധാരങ്ങൾ മടക്കിവാങ്ങാനോ കൂടിക്കിടപ്പ് സർട്ടിഫിക്കറ്റുകൾ അടക്കമുള്ള രേഖകൾ വാങ്ങാനോ സാധിക്കാതെ ആയിരക്കണക്കിന് ആളുകൾ നരകിക്കുകയാണ് പ്രത്യേകിച്ചും പാലക്കാട് ജില്ലയിൽ. ഭൂരിഭാഗം സ്ഥലങ്ങളിലും സബ്രജിസ്ട്രാർ തസ്തിക ഒഴിഞ്ഞ് കിടക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്. പ്രമോഷൻ നൽകാത്തതുകൊണ്ട് ഹൈക്കോടതി വിധി വന്നിട്ട് ചെയ്യാം എന്നാണ് പറയുന്നത്. ഇതിനൊരു പരിഹാരമുണ്ടാകണം.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : സർ, സീനിയോറിട്ടിയെ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുകൾ നിവിലുള്ളതിനാൽ ഈ കാര്യത്തിൽ കുറച്ച് കാലതാമസം വന്നിരുന്നു. ആ തടസ്സം ഇപ്പോൾ മാറി. നിയമനങ്ങൾ നടത്തുന്നതിനുള്ള അടിയന്തിരമായ നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്. കാലതാമസം ഒഴിവാക്കാൻ സമയബന്ധിതമായി എല്ലാ സബ് രജിസ്ട്രാർ ആഫീസുകളും കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(3) കുരുമുളക് കൃഷിക്ക് ഗുണനിലവാരമുള്ള പ്രതിരോധ മരുന്ന് ലഭ്യമാക്കൽ

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, രാജാക്കാട് , രാജകുമാരി കൃഷിഭവനിലൂടെ വിതരണം ചെയ്ത കുരുമുളക് വള്ളികളെല്ലാം പഴുത്ത് അത് നടാൻ കൊള്ളില്ലാത്തതായിരുന്നു. ഇഷ്ടമുള്ള കൃഷിക്കാരോട് വാരിക്കൊണ്ടുപാകാൻ പറഞ്ഞു. മറ്റൊന്ന് ഇവിടെ നൂറുകണക്കിന് ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്താണ് പുള്ളുരോഗവും ദ്രുതവാട്ടവും ബാധിച്ചിരിക്കുന്നത്. ഇവിടെ തളിച്ച മരുന്ന് ഗുണനിലവാരമില്ലാത്തതാണെന്ന അഭിപ്രായവും ഉയർന്നു വന്നിട്ടുണ്ട്. വളരെ നിരുത്തരവാദപരമായ ഇത്തരം സമീപനങ്ങൾ എടുത്തിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കുകയും രോഗം ബാധിച്ച മുഴുവൻ പ്രദേശത്തേക്കും ബാധകമാകുന്ന രൂപത്തിൽ പദ്ധതി ആവിഷ്ക്കരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി. കെ. ആർ. ഗൗരിയമ്മ) : സർ, ഇടുക്കി ജില്ലയിൽ വിതരണം ചെയ്ത കുരുമുളക് വള്ളികൾ ഇടുക്കി ജില്ലയിൽ നിന്നും തിരുവനന്തപുരം, ആലപ്പുഴ ഈ പ്രദേശങ്ങളിലെ ഗവൺമെന്റ് ഫാമിൽനിന്ന് എടുത്തതാണ്. അത് രോഗം ഉള്ളതായി കംപ്ലെയിന്റ് വന്നതുകൊണ്ട് ആളിനെവിട്ട് പരിശോധിച്ചതിൽ രോഗമുള്ളതായി കണ്ടില്ല. ദ്രുതവാട്ടം സംഭവിക്കുകയും രോഗം വരുകയും ചെയ്തതായിട്ടുള്ള 450 ഹെക്ടർ സ്ഥലങ്ങളോളമുണ്ട്. അവിടെ ആവശ്യമായിട്ടുള്ള മരുന്ന് 50 ശതമാനം സഹായത്തോടുകൂടി കൊടുക്കുവാനും കൃഷിക്കാർക്ക് മരുന്ന് ഉപയോഗിക്കുന്നത് എങ്ങനെയെന്ന് ഒരു സ്പെഷ്യൽ സ്കാഡിനെ വച്ചുകൊണ്ട് ആവശ്യമായിട്ടുള്ള നിർദ്ദേശം കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(4) സ്വീവേജ് സംവിധാനം പൂർത്തയാകുന്നതുവരെ കെട്ടിട നിർമ്മാണ പ്ലാൻ പാസ്സാക്കരുതെന്ന ഹൈക്കോടതി വിധിമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കെ. ബാബു : സർ, സ്വീവേജ് സംവിധാനം പൂർത്തിയാകുന്നതുവരെ കെട്ടിടം നിർമ്മാണ പ്ലാൻ പാസ്സാക്കരുതെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസ് ഉൾപ്പെടെയുള്ള ഡിവിഷൻ ബഞ്ചിന്റെ ഇടക്കാല ഉത്തരവ് കൊച്ചി നഗരത്തിലെ ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കിയിരിക്കുകയാണ്. സ്വീവേജ് നിർമ്മിക്കേണ്ടത് കൊച്ചി നഗരസഭയല്ല. അത് നിർമ്മിക്കേണ്ടത് വാട്ടർ അതോറിറ്റിയാണ്. ഈ ഉത്തരവ്മൂലം 40,000 രൂപയുടെ വാംബേ പദ്ധതിയനുസരിച്ചുള്ള വീടുകൾപോലും നിർമ്മിക്കാൻ സാധിക്കുന്നില്ല. ജനങ്ങൾക്ക് വലിയ പ്രയാസം ഉണ്ടായിരിക്കുകയാണ്. ഗവൺമെന്റ് ഇടപെട്ട് ജനങ്ങൾക്കുള്ള ഈ പ്രയാസം പരിഹരിക്കാൻ നടപടി സ്വീകരിക്കണം. അവിടെ സ്വീവേജ് നിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഗവൺമെന്റ് മുൻകൈ എടുത്ത് നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ എ.കെ.ആന്റണി) : സർ, ബഹുമാനപ്പെട്ട കോടതി ആവശ്യപ്പെട്ടതുപോലെ എല്ലാ ഡിപ്പാർട്ടുമെന്റുമായി ചർച്ച ചെയ്തതിനുശേഷം
10.A.M.] കോടതി നിരോധിച്ചതു പോലുള്ള നിർമ്മാണം നടത്തണമെങ്കിൽ ആയിരം കോടി രൂപയോളം വേണ്ടി വരും. ആ വിവരം കോടതിയെ അറിയിച്ചിട്ടുണ്ട്. ആ നിരോധനം എത്രയും വേഗം ഒഴിവാക്കുവാൻ വേണ്ടി അഡ്വക്കേറ്റ് ജനറൽവശം കോടതിയെ സമീപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly